**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4965** **20-07-2022 - ൽ മറുപടിയ്ക്ക്**

**വിദേശഭാഷ പഠിപ്പിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിനോടൊപ്പം, യു.പി. തലം മുതൽ കുട്ടികൾക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഏതെങ്കിലും വിദേശഭാഷ കൂടി പരിചയപ്പെടുത്തുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് ഭാഷയോടൊപ്പം ഒരു വിദേശഭാഷ കൂടി പഠിപ്പിക്കുന്ന സംവിധാനത്തെപറ്റി ഇതുവരെ ആലോചിച്ചിട്ടില്ല. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ഈ വിഷയം ചർച്ചചെയ്യുന്നതാണ്. |
| (ബി) | കുട്ടികൾക്ക് താൽപ്പര്യമുള്ള ഒരു വിദേശഭാഷകൂടി പരിചയപ്പെടുന്നത് ഭാവിയിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികൾക്ക് സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | ഒരു ബഹുഭാഷാ സമൂഹത്തിലാണ് നാം ജീവിക്കുന്നത് എന്നതിനാൽ വിവിധ ഭാഷകൾ കുട്ടികൾ പഠിക്കുന്നതിനെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. മികച്ച ഭാഷാ ശേഷി സ്വായത്തമാക്കുന്നതിനോടൊപ്പം വൈവിധ്യമാർന്ന ഭാഷകൾ പഠിക്കുന്നതും ഉന്നത വിദ്യാഭ്യാസത്തിന് ഗുണകരമായി മാറും. |

സെക്ഷൻ ഓഫീസർ